**Website: [www.keralapsc.gov.in](http://www.keralapsc.gov.in)** **E-Mail: [doknr.psc@kerala.gov.in](mailto:doknr.psc@kerala.gov.in)**
**Telephone: 0497-2700482**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കണ്ണൂർ**

**നമ്പർ:C II (4)2047/2009** **കണ്ണൂർ,**
**30.06.2026**

## ലേലം/ക്വട്ടേഷൻ നോട്ടീസ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസ്, ഓൺലൈൻ പരീക്ഷാ കേന്ദ്രം എന്നിവ നിർമ്മിക്കുന്നതിനായി അനുവദിച്ച് കിട്ടിയ സ്ഥലത്തിലെ നിർമ്മാണത്തിനു തടസ്സമായി നിൽക്കുന്ന പാഴ്മരങ്ങൾ മുറിച്ച് നീക്കം ചെയ്തു കൊണ്ടു പോകാൻ താല്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ലേലം/ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. രഹസ്യ ക്വട്ടേഷനുകൾ **08.07.2026 ന് രാവിലെ 11.00 വരെ** സ്വീകരിക്കും. ക്വട്ടേഷൻ സമർപ്പിക്കുന്നവർക്ക് / ലേലത്തിൽ പങ്കെടുക്കാൻ താത്പര്യം ഉള്ളവർക്ക് മുൻകൂർ അനുമതിയോടെ മരങ്ങൾ കാണാവുന്നതാണ്.

ലേല സമയം : **08.07.2026 ന് 11.30 am**
ലേല സ്ഥലം : **കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസ്**
രഹസ്യ ക്വട്ടേഷനുകൾ **08.07.2026 ന് രാവിലെ 11.00 വരെ** സ്വീകരിക്കും

മരം**,** അതിൽ നിന്നുള്ള വിറക് എന്നിവയ്ക്ക് **35,135/-** രൂപ അടിസ്ഥാന വില നിശ്ചയിച്ചിട്ടുണ്ട്**.**

**മുറിച്ചു മാറ്റുന്ന മരങ്ങൾക്ക് ജി.എസ്.ടി.യും ഫോറെസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സും ആദായ നികുതിയും ബാധകമാണ്.**

### മരങ്ങളുടെ വിശദാംശങ്ങൾ

| മരം | സ്ഥലം |
|---|---|
| മഴമരം – 3 എണ്ണം<br>പുളിമരം – 1 എണ്ണം<br>കാട്ടുമരം – 10 എണ്ണം | കണ്ണൂർ–2 വില്ലേജിൽ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള റി സർവ്വേ നമ്പർ 924–ൽ 5.9648 ഏക്കർ സ്ഥലത്ത് നിന്നും പബ്ലിക് സർവ്വീസ് കമ്മീഷന് അനുവദിച്ച് കിട്ടിയ 40 സെന്റ് സ്ഥലം (ധനലക്ഷ്മി ആശുപത്രിക്ക് പുറക് വശം, താണ, കണ്ണൂർ) |

### ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ

1. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും കൊണ്ടുവരേണ്ടതാണ്. കൊണ്ടുവരാത്തപക്ഷം ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

2. ലേലം/ക്വട്ടേഷനിലെ മരങ്ങൾ പരിശോധിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (Mob: 6282492162)

3. ക്വട്ടേഷനുകൾ **ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ , ജില്ലാ ഓഫീസ്, സിവിൽ സ്റ്റേഷൻ, കണ്ണൂർ** എന്ന വിലാസത്തിലായിരിക്കണം സമർപ്പിക്കേണ്ടത്. ക്വട്ടേഷൻ അയക്കുന്ന കവറിനു പുറത്ത് **'കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസിനായി അനുവദിച്ച സ്ഥലത്തെ പാഴ് മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് എഴുതിയിരിക്കണം.

4 പൂരിപ്പിച്ച ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 08.07.2026 ന് രാവിലെ 11 മണി വരെയാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ നിശ്ചിത സമയത്തിന് മുമ്പായി ക്വട്ടേഷൻ ഓഫീസിൽ എത്തിക്കുകയോ പരസ്യലേലത്തിൽ പങ്കെടുക്കുകയോ ചെയ്യേണ്ടതാണ്. മൂന്ന് ക്വട്ടേഷൻ/വ്യക്തികൾ ഉണ്ടെങ്കിൽ മാത്രമേ ക്വട്ടേഷൻ നടപടികൾ ആരംഭിക്കുകയുള്ളൂ. നിശ്ചിത തീയതിയ്ക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.

5 ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നതിന് ലേല ദിവസം 08.07.2026 ന് നിരതദ്രവ്യം (അടിസ്ഥാന വിലയുടെ പത്ത് ശതമാനം) പണമായി ഈ ഓഫീസിൽ രാവിലെ 11 മണിക്ക് മുമ്പേ അടക്കേണ്ടതാണ്. ലേല നടപടികൾ കൃത്യം 11.30 മണിക്ക് തന്നെ ആരംഭിക്കുന്നതാണ്.

6 നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമേ ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. ടോക്കൺ നമ്പർ ഓഫീസിൽ നിന്നും നൽകുന്നതായിരിക്കും.

7 അടിസ്ഥാന വിലയ്ക്ക് മുകളിൽ ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യ്യക്ക് വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിന് ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ (ഇതിൽ ഏതാണോ കൂടിയ തുക-ആയതിന്) ക്വട്ടേഷൻ/ലേലം ഉറപ്പിക്കുന്നതും ടിയാൻ ക്വട്ടേഷൻ/ലേലം തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 3 പ്രവൃത്തി ദിവസത്തിനകം (12.07.2026 തീയതിക്ക് മുൻപായി) അടച്ച് മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

8 ലേല സംഖ്യ്യക്ക് പുറമേ ലേല സംഖ്യയുടെ 5% വനവികസന നികുതിയും (FDT),ലേല സംഖ്യയുടെ 1% ആദായ നികുതിയും GST ബാധകമായവയ്ക്ക് 18% GST യും ക്വട്ടേഷൻ പിടിച്ച വ്യക്തി 12.07.2026 തീയതിക്ക് മുൻപ് അടക്കേണ്ടതാണ്.

9 ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാൾ മുഴുവൻ ലേല തുക അടച്ചതിനുശേഷം മാത്രമേ രണ്ടാമത്തെയാളുടെ EMD തിരികെ നൽകൂ. നാശനഷ്ടങ്ങൾ ഉണ്ടാകാതെ പാഴ്മരങ്ങൾ നീക്കം ചെയ്തതിനുശേഷം നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ഇതിന് വേണ്ടി രശീതിയോടൊപ്പം അപേക്ഷ സമർപ്പിക്കണം.

10 ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ലേലം/ക്വട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വട്ടേഷൻ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതാണ്.

11 നികുതി ഉൾപ്പെടെയുള്ള മുഴുവൻ ലേലത്തുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസിൽ അടച്ചതിന് ശേഷം മാത്രമേ പാഴ്മരങ്ങൾ കൊണ്ടു പോകുന്നതിന് അനുവദിക്കുകയുള്ളു. ക്വട്ടേഷൻ ലഭിച്ചാൽ 10 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും പാഴ്മരങ്ങൾ മുറിച്ച് കൊണ്ടു പോകേണ്ടതാണ്.

12 പാഴ്മരങ്ങൾ മുറിച്ച് കൊണ്ടുപോകേണ്ടത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലായിരിക്കണം. മരങ്ങൾ കൊണ്ടുപോകുമ്പോൾ ചുറ്റുപാടുള്ള സ്ഥാവര ജംഗമ വസ്തുക്കൾക്ക് യാതൊരുവിധത്തിനുള്ള നാഷനഷ്ടങ്ങൾ ഉണ്ടാകാൻ പാടുള്ളതല്ല. ഏതെങ്കിലും വിധത്തിൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം അതിന്റെ പൂർണ്ണമായ ഉത്തരവാദിത്തം ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ വ്യക്തിയുടെതായിരിക്കും. ഈ സാഹചര്യത്തിൽ സ്ഥാപനമേധാവി നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടക്കുവാൻ ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

13 ലേലം/ക്വട്ടേഷൻ സംബന്ധിച്ചിടത്തോളം, ഏതൊരു കാര്യത്തിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

14 ലേലം മാറ്റി വയ്ക്കുന്നതിനോ ഉറപ്പിക്കുന്നതിനോ/റദ്ദാക്കുന്നതിനോ ഉള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

15 സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

16 **08.07.2026 തീയതിയിൽ ക്വട്ടേഷൻ /ലേലം നടത്തുന്നതിന് മൂന്ന് ക്വട്ടേഷൻ/വ്യക്തികൾ ഇല്ലായെങ്കിൽ മേൽ സൂചിപ്പിച്ച എല്ലാ വ്യവസ്ഥകളോടെയും 15.07.2026 തീയതിയിൽ ഒരിക്കൽ കൂടി ക്വട്ടേഷൻ /ലേല നടപടികൾ സ്വീകരിക്കുന്നതാണ്.**

Sd/-

ഷിൻസ് മോൾ പയസ്
ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ്, കണ്ണൂർ.

പകർപ്പ്

1) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ
2) എൻക്വയറി 3) വെബ്സൈറ്റ് 4) നോട്ടീസ് ബോർഡ്